# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.911** 05.02.2020 ലെ മറുപടി

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കോണോത്തുപ്പുഴയെ സംരക്ഷിക്കുന്നതിനുളള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കോണോത്തുപുഴ വൃത്തിയാക്കുന്നതിനും, കൈയ്യേറ്റങ്ങൾ ഒഴിവാക്കി പുഴയെ സംരക്ഷിക്കുന്നതിനുമുളള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;<br><br>(സി) ഈ പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ;<br><br>(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br><br>തൃപ്പൂണിത്തുറ, പിറവം നിയോജക മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന 17 കിലോമീറ്റർ നീളമുള്ള കോണോത്ത് പുഴ ചെളി നീക്കി വൃത്തിയാക്കി അതിർത്തിനിർണ്ണയം നടത്തി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സാദ്ധ്യമായ ഇടങ്ങളിൽ കയർ ഭൂ വസ്ത്രം ഉപയോഗിച്ച് കരകൾ സംരക്ഷിക്കുന്നതിനായി 17 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് 16.08.2019 ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും വെട്ടുവേലിക്കടവ് മുതൽ പുത്തൻകാവ് വരെ കോണോത്തുപുഴയുടെ പുനരുജ്ജീവനത്തിനായുള്ള 17 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി പുന:സമർപ്പിക്കുവാൻ 09.12.2019 ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)യ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസുകൾ ക്ഷണിച്ച് കരാറുകാരുമായി ഉടമ്പടി വച്ച് സ്ഥലം കൈമാറിയതിനു ശേഷം ഒന്നരവർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ